# ‘ഇരുട്ടിൻമേൽ ഇരുട്ട്’

മായിൻകുട്ടി സുല്ലമി

‘ഇരുട്ടിന് മേൽ ഇരുട്ട്’ ചിത്രീകരിക്കുന്ന ഒരു ഉപമ സൂറത്തുന്നൂറിലുണ്ട്. “അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു. (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ) തിരമാല അതിനെ (കടലിനെ) പൊതിയുന്നു. അതിനുമീതെ വീണ്ടും തിരമാല. അതിന് മീതെ കാർമേഘം. അങ്ങനെ ഒന്നിനുമീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈപുറത്തേക്ക് നീട്ടിയാൽ അതുപോലും കാണുമാറാകിലും. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന് യാതൊരു പ്രകാശവുമില്ല.” (24:40) തബ്‌ലീഗ് കഥകൾക്ക് ഈ ഉപമയോട് സാദൃശ്യമുണ്ട്. ആദർശങ്ങളുടെ കഴമ്പ് കണ്ടെത്താൻ കഴിയാതെ കഥകളുടെ മുകളിൽ കഥകൾ. വീണ്ടും കഥകൾ, സൂഫിക്കഥകൾ. ആയത്തുകളും ഹദീഥുകളും പാർശ്വവൽക്കരിക്കപ്പെടുന്നു. ഉള്ളി തോൽ പൊളിക്കുന്നതുപോലെ, മരുഭൂമിയിലെ മരീചിക പോലെ എന്നുപറഞ്ഞാലും തെറ്റില്ല. ദാഹിക്കുന്നവൻ വെള്ളമാണെന്ന് കരുതും. അടുത്തുചെന്നാൽ ഒന്നുമില്ല. സൂറത്തുന്നൂറിൽ ഇരുട്ടിന്റെ ഉപമ പറഞ്ഞതിന് തൊട്ടുമുമ്പ് മരീചികയുടേതും കാണാം.

സകരിയ്യാ മൗലാനാ ഒരു കഥ പറയുന്നു. “എന്റെ പിതാവ് അവർകൾ ഒരു സംഭവം പലപ്പോഴും പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. ഒരാൾക്ക് ഒരു ആവശ്യാർത്ഥം പാനിപ്പറ്റിൽ പോകണമായിരുന്നു. വഴിയിൽ യമുനാ നദി കടക്കണമായിരുന്നു. പെട്ടെന്ന് അതിൽ വലിയ വെള്ളപ്പൊക്കമുണ്ടായി. അതിന്റെ ശക്തിയിൽ വള്ളവും പോകാൻ സാധിച്ചിരുന്നില്ല. അദ്ദേഹം വളരെ വിഷമിച്ചിരിക്കുമ്പോൾ ഇന്ന മലയിൽ ഒരു മഹാൻ താമസിക്കുന്നുണ്ട്. നീ പോയി അദ്ദേഹത്തോട് ആവശ്യം ഉണർത്തിക്കൂ. അദ്ദേഹം എന്തെങ്കിലും പരിഹാരമാർഗം കാണിച്ചുതരികയാണെങ്കിൽ നിന്റെ കാര്യം നടക്കുന്നതാണ്. അതുപോലെ വേറെ വഴിയൊന്നുമില്ല. എന്നാലദ്ദേഹം ആദ്യം വളരെ കോപിക്കുകയും അത് നിഷേധിക്കുകയും ചെയ്യും. എന്നാൽ അതിലൊന്നും നിരാശപ്പെടരുത് എന്ന് ജനങ്ങൾ പറഞ്ഞു. അതനുസരിച്ച് ആ മനുഷ്യൻ അവിടെ പോയി. അവിടെ ഒരു ആശ്രമത്തിൽ ആ മഹാനും കുടുംബവും താമസിച്ചിരുന്നു. ആ മനുഷ്യൻ കരഞ്ഞുകൊണ്ട് നാളെ ഒരു കേസിന്റെ തിയ്യതിയാണ്. അങ്ങോട്ട് പോകുന്നതിന് യാതൊരു മാർഗവുമില്ല എന്ന തന്റെ ആവശ്യം ഉണർത്തിച്ചു. അദ്ദേഹം തന്റെ പതിവ് പോലെ ആദ്യം, ഞാൻ എന്ത് ചെയ്യാനാണ് എന്റെ കയ്യിൽ എന്തിരിക്കുന്നു എന്ന് പറഞ്ഞ് വിരട്ടി. അതിനുശേഷം ആ മനുഷ്യൻ വളരെ താഴ്മ കാണിച്ച് വീണ്ടും ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം നീ ചെന്ന് യമുനയോട് ജീവിതത്തിലൊരിക്കലും ഭക്ഷണം കഴിച്ചിട്ടില്ലാത്തവനും ഭാര്യയുമായി കൂടിക്കഴിഞ്ഞിട്ടില്ലാത്തവനുമായ ഒരാൾ എന്നെ അയച്ചിരിക്കുകയാണ് എന്ന് പറയണമെന്ന് കൽപിച്ചു. അയാൾ മടങ്ങിപ്പോയി. അദ്ദേഹം പറഞ്ഞതുപോലെ ചെയ്യുകയും യമുനയിലെ വെള്ളം ഉടൻതന്നെ ശാന്തമാവുകയും അയാൾ കടന്നുപോവുകയും ചെയ്തു. അതിനുശേഷം യമുന പഴയതുപോലെ ഒഴുകാൻ തുടങ്ങി.” (സ്വദഖയുടെ മഹത്വങ്ങൾ, പേജ് 651)

പച്ചക്കള്ളങ്ങൾ പറയാനുള്ള പരിശീലനമാണ് യഥാർത്ഥത്തിൽ ഈ കഥ നൽകുന്നത്. ഭാര്യയും മക്കളുമെല്ലാം അയാൾക്കുണ്ട്. ഭക്ഷണം കഴിക്കാതെ ‘ഇത്ര’ ആയത് എങ്ങനെയാണ്? അതോ, യമുന പറഞ്ഞാൽ കേൾക്കണമെങ്കിൽ ഇങ്ങനെ വല്ല നിബന്ധനയുമുണ്ടോ? കഥയിൽ ചോദ്യമില്ലല്ലോ.

മുമ്പ് മൂസ(അ) കടൽ മുറിച്ച് കടന്ന ചരിത്രം ക്വുർആൻ പറയുന്നുണ്ട്. അത് മുഅ്ജിസത്താണ്. കടൽക്കരയിൽ എത്തിയ മൂസാ നബിയും ജനങ്ങളും. പിന്നാലെ ഫിർഔനും കൂട്ടരും. മൂസാ നബിയുടെ അനുചരൻമാർ പറഞ്ഞു. "നാം പിടിയിലകപ്പെടാൻ പോകുകയാണ്." മൂസാ(അ)ന് അല്ലാഹു മാർഗം നിർദേശിച്ച് കൊടുത്തു. "നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കുക." കടൽ രണ്ട് ഭാഗത്തേക്കായി മാറിനിന്നു. ഉണങ്ങിയ വഴി രൂപപ്പെട്ടു. അവർ അതിലൂടെ അക്കരെപ്പറ്റി. പിന്നിൽ വന്ന ഫിർഔനും കൂട്ടരും മുങ്ങിനശിച്ചു. ഇത് അല്ലാഹു പഠിപ്പിച്ചതാണ്. എന്നാൽ ഫദാഇലുകാരന്റെ കഥയുടെ അസ്ല് ഏതാണ്? ഏതാണീ മഹാൻ? ഇയാൾ ഏത് കാലത്താണ് ജീവിച്ചത്?... ഇതൊന്നും കഥയിലില്ല - തബ്‌ലീഗുകാർക്ക് ഇതൊന്നും ആവശ്യവുമില്ല. എന്നാൽ മൂസാ നബി(അ) ചെയ്തതായി ക്വുർആനിലുള്ളത്, തന്റെ സ്വന്തം ഇഷ്ടപ്രകാരമല്ല. മറിച്ച്, അല്ലാഹുവിന്റെ കൽപനയാണ്. മേൽപറഞ്ഞ ആശ്രമവാസി ആവശ്യക്കാരന് തന്റെ വക ചില വാചകങ്ങൾ പഠിപ്പിക്കുകയാണ്. മുഅ്ജിസത്തിനേക്കാളും വലിയ കറാമത്തോ?

സകരിയ്യാ മൗലാന 'ഷാ സാഹിബിൽ' നിന്നും ഒരു സംഭവം ഉദ്ധരിക്കുന്നു. രണ്ട് വലിയ്യുകൾ ഒരു നദിയുടെ ഇരുകരയിലുമായി താമസിക്കുന്നു. ഭാര്യയും മക്കളുമുള്ള വലിയ്യ് തന്റെ ഭാര്യയോട് പറഞ്ഞു: ഭക്ഷണം ഉണ്ടാക്കുക. അത് അങ്ങേക്കരയിലുള്ള വലിയ്യിന് നീ കൊണ്ടുപോയി കൊടുക്കണം. അവൾ പറഞ്ഞു: ഞാൻ നദിയുടെ അക്കരെ എങ്ങനെ എത്തും. ധാരാളം വെള്ളം ഉണ്ട്. വള്ളം ഇല്ലതാനും. വലിയ്യ് പറഞ്ഞു: നീ പോകൂ. നിന്റെ കാല് വെള്ളത്തിൽ വെക്കുക. എന്നിട്ട് പറയണം ഞാനും എന്റെ ഭർത്താവും ദാമ്പത്യബന്ധം നടന്നിട്ടുണ്ടെങ്കിൽ എന്നെ വെള്ളത്തിൽ മുക്കേണമേ. അല്ലാത്തപക്ഷം എന്നെ വെള്ളത്തിൽ നിന്ന് രക്ഷപ്പെടുത്തേണം. അപ്രകാരം സ്ത്രീ ചെയ്തു. വെള്ളം കുറഞ്ഞു. ഭാര്യ നദി മുറിച്ചുകടന്നു." (ജമാഅത്ത് തബ്‌ലീഗ്, പേജ് 314)

കഥയില്ലായ്മ തന്നെയാണിത്. കളവ് പറയാനുള്ള പരിശീലനം. അല്ലെങ്കിൽ കാപട്യവും വഞ്ചനയും സ്വീകരിക്കാനുള്ള പരിശീലനം. എങ്ങനെയാണ് ഒരു സ്ത്രീയെ മറ്റൊരു പുരുഷന്റെ അടുത്തേക്ക് ഒറ്റക്ക് പറഞ്ഞയക്കുന്നത്? എന്തിനാണ് ഇവർ ഇരുകരകളിലായി താമസിക്കുന്നത്. നദിയുടെ സമ്പ്രദായമാണോ ഇത്?

എന്നാൽ ഇത്തരം കഥകളെ ന്യായികരിക്കാൻ കറാമത്ത് കച്ചവടക്കാർ പടച്ചുണ്ടാക്കിയ ഒരു കള്ളവാദം സകരിയ്യാ മൗലാനയും തട്ടിവിടുന്നത് കാണാം. "അമ്പിയാക്കളുടെ മുഅ്ജിസത്ത് ഈ സമുദായത്തിലെ ഔലിയാക്കളുടെ കറാമത്താകുന്നു." എന്നാൽ ക്വുബൂരി നേതാവ് കാന്തപുരം മുസ്‌ലായാർപോലും അതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പറയുന്നു. "കറാമത്ത് മുഅ്ജിസത്തു പോലെയാണെന്ന വാദം ശരിയല്ല." "കഴിയുമെങ്കിൽ കറാമത്ത് പ്രകടിപ്പിക്കാതിരിക്കലാണ് വലിയ്യിന്റെ കടമ"... "നബിമാർക്ക് മുഅ്ജിസത്ത് വെളിവാക്കൽ അല്ലാഹു ഫർളാക്കിയതുപോലെ ഔലിയാഈ കറാമത്ത് മറച്ചുവെക്കൽ അല്ലാഹു ഫർളാക്കിയിരുന്നു. ജനങ്ങൾ അവ കാരണം ചൂഷണം ചെയ്യപ്പെടാതിരിക്കാനാണിത്." (ത്വരീഖത്ത്, പേജ് 167)

സകരിയ്യാ മൗലാന വീണ്ടും പറയുന്നു: "ഒരിക്കൽ മുഹമ്മദ് യാക്കൂബ് നാനൂത്വാവിയുടെ അടുക്കൽ ഒരു സ്ത്രീ തന്റെ കുഞ്ഞിനെയുമായി വന്നു. കുട്ടിക്ക് കാഴ്ചയില്ല. സ്ത്രീ പറഞ്ഞു: ശൈഖേ, ഈ കുഞ്ഞിനെയൊന്ന് തടവണം. അതിന് സുഖം കിട്ടട്ടെ. കാഴ്ച കിട്ടട്ടെ. ശൈഖ് പറഞ്ഞു: അത് ഈസാനബിയുടെ പണിയാണല്ലോ. സ്ത്രീ പറഞ്ഞു: അതൊന്നും എനിക്കറിയില്ല. നിങ്ങളൊന്ന് കുഞ്ഞിനെ തടവൂ. ശൈഖിന് ഇൽഹാമുണ്ടായി. നീ ആര്? ഈസ ആര്? ഞാനാണ് സുഖപ്പെടുത്തുന്നവൻ. ഉടനെ ശൈഖ് കുഞ്ഞിനെ തടവി. കാഴ്ച കിട്ടി." (ജമാഅത്തുത്തബ്‌ലീഗ്,

പേജ് 316) അമ്പിയാഇന്റെ മുഅ്ജിസത്തൊക്കെ അതേപ്പടി ഇവരുടെ സൂഫികളിലൂടെ ഇന്നും നിലനിൽക്കുന്നു എന്ന് വരുത്തുകയാണ് ഇത്തരം കഥകളിലൂടെ.

നബി(സ്വ)ക്ക് ലഭിച്ച മുഅ്ജിസത്തിന് സമാനമായി ഒരു പെൺകുട്ടിക്ക് കറാമത്തുണ്ടായ കഥ മൗലാന പറയുന്നു. “ദലാ ഇലുൽ ഖൈറാത്ത്” എന്ന സ്വലാത്ത് കിതാബ് എഴുതാനുണ്ടായ കാരണം പ്രസിദ്ധമാണ്. അതിന്റെ രചയിതാവിന് യാത്രയിൽ വുദു ചെയ്യാൻ വെള്ളത്തിന്റെ ആവശ്യം വന്നു. കയറും തൊട്ടിയും ഒന്നും കൈവശമില്ലാത്തതുകൊണ്ട് വെള്ളം കോരി എടുത്ത് വുദു എടുക്കാൻ സാധിക്കാതെ വളരെ പരിഭ്രമിച്ചു. ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ വിഷമാവസ്ഥ കണ്ട് അന്വേഷിച്ചു. ആ പെൺകുട്ടി ആ കിണറ്റിൽ തുപ്പി. കിണറ്റിലെ വെള്ളം താഴെ നിന്നും മുകളിൽ വരെ പൊങ്ങി. ദലാഇലുൽ ഖൈറാത്തിന്റെ രചയിതാവ് പരിഭ്രമിച്ചുകൊണ്ട് ഇത് എങ്ങനെ സംഭവിച്ചു എന്ന് ചോദിച്ചു. ആ പെൺകുട്ടി പറഞ്ഞു: ഞാൻ ഓതിവരുന്ന സ്വലാത്തിന്റെ ബർക്കത്താണ്.

നബി(സ്വ)യുടെ പേരിൽ സ്വലാത്ത് ചൊല്ലണം, അത് പുണ്യമാണ്, അതിന് പ്രതിഫലവുമുണ്ട്. അതിനാർക്കും തർക്കമില്ല. എന്തിനാണ് കള്ളക്കഥകൾ. ഇത് ഖൈറാത്തല്ല. ജഹാലത്തും ളലാലത്തുമാണ്. തബ്ലീഗുകാർ നാടുതെണ്ടി പ്രചരിപ്പിക്കുന്നത് ഇത്തരം കെട്ടുകഥകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ്. ഇവരുടെ ശർറിൽ നിന്നും അല്ലാഹു ഈ സമുദായത്തെ കാത്തുരക്ഷിക്കട്ടെ. (ആമീൻ)